# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 37

12.06.2012-ൽ മറുപടിക്ക്.

### ഇൻകെല്ലിന്റെ അടിസ്ഥാന വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 'ഇൻകെല്ലി 'ന്റെ അടിസ്ഥാന വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി വിശദമാക്കുമോ; | (എ) ഇൻകെൽ അടിസ്ഥാനവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ:<br>1. അങ്കമാലിയിൽ ടെൽക്കിനു സമീപം സ്ഥാപിക്കുന്ന വ്യവസായം, ലോജിസ്റ്റിക്സ് എന്നിവയ്ക്കുളള സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾ.<br>2. മലപ്പുറത്ത് തുടങ്ങാനുദ്ദേശിക്കുന്ന എഡ്യൂസിറ്റി , സ്കിൽ ഡെവലപ്മെന്റ് സെന്റർ , സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് പാർക്ക്, കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ.<br>3. തിരുവനന്തപുരത്ത് തമ്പാനൂരിൽ സ്ഥാപിക്കുന്ന - കൊമേർസ്യൽ കോംപ്ലെക്സ്.<br>4. തിരൂരങ്ങാടിയിലും തളിക്കുളത്തും 'പുര' പദ്ധതി. |
| (ബി) പ്രസ്തുത പദ്ധതിക്കുളള ഫണ്ട് എപ്രകാരമാണ് സ്വരൂപിക്കുന്നത്. | (ബി) ഇതിനുള്ള ഫണ്ട് ഇക്വിറ്റിയിലൂടെയും, ബാങ്ക് വായ്പയിലൂടെയും ,സംയുക്ത സംരംഭത്തിലൂടെയും സ്വകാര്യ മുതൽമുടക്കായും ആണ് സ്വരൂപിക്കുന്നത്. |
| (സി) ഇൻകെൽ ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ. | (സി) ഇൻകെൽ ഇപ്പോൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ താഴെകൊടുക്കുന്നു. |

1. അങ്കമാലിയിൽ ടെൽക്കിനു സമീപം സ്ഥാപിക്കുന്ന 2 ലക്ഷത്തിൽപരം ചതുരശ്ര അടിയുള്ള സ്റ്റാൻഡേർഡ് ഡിസൈൻ വ്യവസായ സമുച്ചയം.

2. മലപ്പുറം, പാണക്കാട് സ്ഥാപിക്കുന്ന സ്മാൾ & മീഡിയം എന്റർപ്രൈസസ് പാർക്ക്, എഡ്യൂസിറ്റി, സ്കിൽ ഡവലപ്പമെന്റ് സെന്റർ.

3. വല്ലാർപ്പാടത്തു തുടങ്ങുന്ന കണ്ടേയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ (സി.എഫ്.എസ്) (കാർഗോ & ലോജിസ്റ്റിക്സ് സെന്റർ).

4. തൃശ്ശൂർ തളിക്കുളത്തും, മലപ്പുറം തിരൂരങ്ങാടിയിലും '' പുര'' പദ്ധതി.

(ഡി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എത്ര തുകയുടേതാണെന്ന് വ്യക്തമാക്കുമോ.

(ഡി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് 150 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ട്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ സഹകരിക്കാൻ ഇൻകെൽ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളിൽ ഇൻകെലിന് സഹകരിക്കുന്നതിനു താൽപര്യമുണ്ട്. തളിക്കുളം പഞ്ചായത്തിലും, തിരൂരങ്ങാടി പഞ്ചായത്തിലും കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'പുര' ഇൻകെൽ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾ എന്നിവയുടെ കൺസൾട്ടന്റായും പ്രവർത്തിക്കുന്നുണ്ട്..

**സെക്ഷൻ ഓഫീസർ**